Page 1 of 3

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുകയും ആയതിൽ 1634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1174 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി 9 തീരദേശ ജില്ലകളിൽ 9 കോ-ഓർഡിനേറ്റർമാരെയും 80 മോട്ടിവേറ്റർമാരെയും താൽക്കാലികമായി കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാനതല കോ-ഓർഡിനേറ്ററുമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടുകയും ബന്ധപ്പെട്ട തലങ്ങളിൽ കൃത്യമായ അവലോകനങ്ങൾ നടത്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ

250(5697) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിൽ മേഖലയിലും അനുബന്ധ മേഖലയിലും പണിയെടുക്കുന്ന സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ;

&

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അവർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്?

(എ&ബി) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും തൊഴിൽ ചെയ്യുന്ന വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാഫ്, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ:

(a) മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ്.

(b) മത്സ്യബന്ധന സമയംതൊട്ടോ പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനസഹായം.

(c) വിവാഹ ധനസഹായ പദ്ധതി

(d) മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

(e) മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്ക് ധനസഹായ പദ്ധതി.

(f) കുടുംബ ധനസഹായ പദ്ധതി.

(g) മാരകരോഗ ചികിത്സാ പദ്ധതി.

(h) ചെയർമാൻ റിലീഫ് ഫണ്ട്.

(i) പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി

(j) അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി

2. സാഫ് നടപ്പിലാക്കുന്ന പദ്ധതികൾ: മത്സ്യത്തൊഴിലാളികളായ വനിതകളുടെ ഉന്നമനത്തിനായി സാഫ് തീരമൈത്രി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്കായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റ് അനുവദിച്ചു. കൂടാതെ തീരമൈത്രി സംരംഭക യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ബാങ്കുകൾ വഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ സബ്സിഡി സാഫിൽനിന്നും അനുവദിക്കുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായി സാഫ് സഹായം നൽകുന്നു. അഷ്ടമുടി ഫേസ് II പദ്ധതിപ്രകാരം 48 ഉൾനാടൻ മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യൽ യൂണിറ്റുകൾ കൺസോർഷ്യം മാതൃകയിൽ കൊല്ലം കുണ്ടറയിൽ അപ്പാരൽ പാർക്ക് ആരംഭിച്ചു. ഇതുവഴി ഇവർക്ക് സുസ്ഥിരമായ വരുമാനം ഉറപ്പുവരുത്തുന്നു. 3R Package For Ensuring Sustainable Livelihoods

LIBRARY ARCHIVES Kerala Legislative Assembly

of Fisherwomen in Kerala (Rebuilding, Revival, Reforms) പദ്ധതിയുടെ ഭാഗമായി ആലപ്പുഴ, കൊല്ലം ജില്ലകളിലും JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21 പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലുമായി 350 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഒരു ജെ.എൽ.ജി. യൂണിറ്റിന് 50,000 രൂപ വച്ച് പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്യുന്നു. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് 2020-21 പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിലായി തീരമൈത്രി 46 സീഫുഡ് റസ്റ്റോറന്റുകൾ രൂപീകരിച്ചുവരുന്നു.

(സി) രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന കയറ്റുമതി സ്ഥാപനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന ഈ തൊഴിലാളികൾ അനാരോഗ്യകരമായ പശ്ചാത്തലത്തിൽ യാതൊരുവിധ സുരക്ഷാ സൗകര്യങ്ങളുമില്ലാതെയാണ് തൊഴിലെടുക്കുന്നതെന്നകാര്യം പരിശോധിക്കുമോ;

(ഡി) ആലപ്പുഴ ജില്ലയിൽ അരൂർ നിയോജകമണ്ഡലത്തിൽ മാത്രം നൂറിലധികം പീലിംഗ് ഷെഡുകളും അവിടങ്ങളിൽ അരലക്ഷത്തിലധികം സ്ത്രീതൊഴിലാളികളും തൊഴിലെടുത്തുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഇ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പീലിംഗ് ഷെഡിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

(സി-ഇ) ജില്ലകളിലെ പീലിംഗ് ഷെഡുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബ്ലൂ റെവല്യൂഷൻ പദ്ധതി

251(5698) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.